## പഞ്ചായത്ത് ഡയറക്ടറുടെ നടപടി ക്രമങ്ങൾ

വിഷയം: പഞ്ചായത്ത് വകുപ്പ് – ജൂനിയർ സൂപ്രണ്ട് തസ്തികയിൽ റേഷ്യോ അടിസ്ഥാനത്തിൽ ഹയർ ഗ്രേഡ് പ്രൊമോഷൻ – ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സർക്കാർ ഉത്തരവ് ജി.ഒ.(പി)നം.85/2011/ധന തീയതി 26.02.2011.
2. സർക്കാർ ഉത്തരവ് ജി.ഒ.(പി)നം.143/2011/ധന തീയതി 30.03.2011.
3. ഈ ആഫീസിലെ 09.11.2010 തീയതിയിലെ ഇ8–2010 നമ്പർ ഉത്തരവ്.
4. ഈ ആഫീസിലെ 28.09.2011 തീയതി ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ: ഇ2–19631/11 തീയതി:23.02.2012**

പരാമർശം (1) ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ 25% പേർക്ക് 01.02.2011 തീയതി പ്രാബല്യത്തിൽ റേഷ്യോ അടിസ്ഥാനമാക്കി ഹയർ ഗ്രേഡ് പ്രമോഷൻ അനുവദിക്കുകയും ശമ്പളം നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പരാമർശം (4) ഉത്തരവ് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് ആഫീസുകളിൽ സേവന മനുഷ്ഠിക്കുന്ന ജൂനിയർ സൂപ്രണ്ടുമാരുടെ സർവ്വീസ് കാര്യങ്ങൾ സെക്രട്ടറിമാർ കൈകാര്യം ചെയ്തുവരുന്ന സാഹചര്യത്തിൽ ഹയർ ഗ്രേഡ് ലഭിച്ച ജൂനിയർ സൂപ്രണ്ട്മാർക്കുള്ള ശമ്പള നിർണ്ണയം നടത്തുന്നതിന് സെക്രട്ടറിമാരെ ചുമതലപ്പെടുത്തണമെന്ന അപേക്ഷ ലഭിച്ചു. പ്രസ്തുത അപേക്ഷകൾ പരിശോധിച്ചതിൽ ഈ ആവശ്യം പരിഗണിക്കാവുന്നതാണെന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ പരാമർശം (4) ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ടുമാർക്ക് റേഷ്യോ അടിസ്ഥാനത്തിൽ ഹയർ ഗ്രേഡ് അനുവദിച്ചത് കണക്കിലെടുത്ത് ശമ്പളം നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന ഓഫീസിലെ ആഫീസ് മേധാവികളെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. കൂടാതെ ഹയർ ഗ്രേഡ് ലഭിച്ചവർ ഇതിനായി ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം ഓപ്ഷൻ നൽകേണ്ടുന്നതാണ് എന്ന് നിർദ്ദേശിച്ചുകൊണ്ടും പരാമർശം (4) ലെ ഉത്തരവിൽ അതിൻ പ്രകാരം ഭേദഗതികൾ വരുത്തിയും ഉത്തരവാകുന്നു.

പരാമർശം (4) ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിലെ സീനിയോരിറ്റി നമ്പർ 2304 വരെയുള്ള 153 പേർക്കാണ് റേഷ്യോ അടിസ്ഥാനത്തിൽ 18740–33680 രൂപ ശമ്പള നിരക്കിൽ ഹയർ ഗ്രേഡ് അനുവദിച്ചിരുന്നത്. എന്നാൽ പ്രസ്തുത ഉത്തരവിലെ താഴെ പറയുന്ന ഏഴ് ജീനക്കാർ ഹയർ ഗ്രേഡ് അനുവദിച്ച 01.02.2011 ന് മുൻപ് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിമാരായി (18740–33680 രൂപ നിരക്കിൽ) സ്ഥാനകയറ്റം ലഭിച്ചിട്ടുള്ളതും ടി

തസ്തികയിൽ തുടരുന്നതുമായ സാഹചര്യത്തിൽ ഹയർ ഗ്രേഡ് അനുവദിച്ച ലിസ്റ്റിൽ നിന്നും അവരെ ഒഴിവാക്കേണ്ടതാണെന്ന് കാണുന്നു.

| ക്രമ നം | 28.09.2011 തീയതിയിലെ ഉത്തരവിലെ ഗ്രേഡ് അനുവദിച്ച ലിസ്റ്റിലെ ക്രമനമ്പർ | ജൂനിയർ സൂപ്രണ്ട് തസ്തികയിലെ സീനിയോരിറ്റി ലിസ്റ്റിലെ ക്ര. നം | പേരും ഹയർ ഗ്രേഡ് അനുവദിച്ചിരുന്ന തീയതിയും |
|---|---|---|---|
| 1 | അനുബന്ധം I<br>ക്രമ നമ്പർ 55 | 2064 | മരിയ ഗറോത്തി 01.02.2011 |
| 2 | അനുബന്ധം I<br>ക്രമ നമ്പർ 95 | 2124 | എം. സുരേഷ് 01.02.2011 |
| 3 | അനുബന്ധം I<br>ക്രമ നമ്പർ 97 | 2126 | പി.റ്റി.പത്മരാജൻ 01.02.2011 |
| 4 | അനുബന്ധം I<br>ക്രമ നമ്പർ 129 | 2176 | പി. വിനോദ്കുമാർ 01.02.2011 |
| 5 | അനുബന്ധം I<br>ക്രമ നമ്പർ 153 | 2214 | പി.എം. ജോസഫ് 01.02.2011 |
| 6 | അനുബന്ധം I I I<br>ക്രമ നമ്പർ 18 | 2257 | പി.എം. പൗലോസ് 04.08.2011 |
| 7 | അനുബന്ധം I I I<br>ക്രമ നമ്പർ 36 | 2279 | കെ. ഗോപാലൻ 04.08.2011 |

മേൽ പറഞ്ഞ 7 പേരെ ഹയർ ഗ്രേഡ് അനുവദിച്ചിട്ടുള്ള ഉത്തരവിൽ നിന്നും ഒഴിവാകുന്ന സ്ഥാനത്ത് താഴെ പറയുന്ന ജൂനിയർ സൂപ്രണ്ട്മാർക്ക് ഹയർ ഗ്രേഡ് ലഭിക്കാൻ അർഹതയുണ്ട്. ഇവർ പരാമർശം (4) ഉത്തരവിൽ ഉൾപ്പെടാതെ പോയതാണ്.

| ക്ര നം | സീനിയോറിറ്റി നമ്പർ | പേരും, ആഫീസിന്റെ പേരും | ഹയർ ഗ്രേഡ് പ്രാബല്യ തീയതി |
|---|---|---|---|
| 1 | 2054 | രാമൻപിള്ള, ജൂനിർ സൂപ്രണ്ട്, ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത് (ഇപ്പോൾ സെക്രട്ടറി, ശൂരനാട്ട് നോർത്ത് ഗ്രാമ പഞ്ചായത്ത്,കൊല്ലം | 01.02.2011 |

| | | | |
|---|---|---|---|
| 2 | 2100 | റ്റി.എം. മറിയാമ്മ, ജൂനിയർ സൂപ്രണ്ട് ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം | 01.02.2011 |
| 3 | 2167 | കെ. സതീഷ്കുമാർ, ജൂനിയർ സൂപ്രണ്ട്, പറളി ഗ്രാമ പഞ്ചായത്ത് (ഇപ്പോൾ സെക്രട്ടറി, പെരുമാട്ടി ഗ്രാമ പഞ്ചായത്ത്, പാലക്കാട്)) | 01.02.2011 |
| 4 | 2180 | കെ.എസ്. രാജീവ്, ജൂനിയർ സൂപ്രണ്ട്, പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് II, ഇടുക്കി (ഇപ്പോൾ സെക്രട്ടറി, നെടുംകണ്ടം ഗ്രാമ പഞ്ചായത്ത്) | 01.02.2011 |
| 5 | 2207 | സി.ആർ. ഷാജി, ജൂനിയർ സൂപ്രണ്ട് അകത്തേത്തറ ഗ്രാമ പഞ്ചായത്ത് പാലക്കാട് (ഇപ്പോൾ സെക്രട്ടറി ഏലപ്പാറ ഗ്രാമ പഞ്ചായത്ത്, ഇടുക്കി) | 01.02.2011 |
| 6 | 2209 | കെ. രാധാകൃഷ്ണൻ, ജൂനിയർ സൂപ്രണ്ട്, പെർഫോമൻസ് ആഡിറ്റ് യൂണിറ്റ –III, പാലക്കാട് (ഇപ്പോൾ സെക്രട്ടറി, നെൻമാറ ഗ്രാമ പഞ്ചായത്ത്) | 01.02.2011 |

മേൽ സാഹചര്യത്തിൽ മേൽ പറയപ്പെട്ട ജൂനിയർ സൂപ്രണ്ട്മാർക്ക് 01.02.2011 തീയതി പ്രാബല്യത്തിൽ 18740–33680 രൂപ ശമ്പള നിരക്കിൽ റേഷ്യോ അടിസ്ഥാനത്തിലുള്ള ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു.

ജൂനിയർ സൂപ്രണ്ടുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ 2209 നമ്പർകാരനായ ശ്രീ.രാധാകൃഷ്ണന് (ജൂനിയർ സൂപ്രണ്ട്, പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് II, പാലക്കാട് ഇപ്പോൾ സെക്രട്ടറി നെൻമാറ ഗ്രാമ പഞ്ചായത്ത്) 01.02.2011 മുതൽ ഹയർ ഗ്രേഡിന് അർഹതയുണ്ടായിരുന്നു എങ്കിലും ടിയാന്റെ പേര് ലിസ്റ്റിൽ ഉൾപ്പെടാതെപ്പോയി. പകരം ടിയാന്റെ ജൂനിയർ ആയിരുന്ന സീനിയോറിറ്റി നമ്പർ 2213 കാരനായ ശ്രീ. മോഹനൻ

ചെട്ടിയാർക്ക് 01.02.2011 തീയതി ഹയർ ഗ്രേഡ് അനുവദിക്കുകയുണ്ടായി. ഈ വകുപ്പിൽ 612 ജൂനിയർ സൂപ്രണ്ട് തസ്തികകൾ ഉള്ളതിൽ 153 പേർക്ക് മാത്രമേ ഒരു സമയത്ത് ഹയർ ഗ്രേഡ് അനുവദിക്കാൻ കഴിയുകയുള്ളു. ശ്രീ. രാധാകൃഷ്ണൻ 01.02.2011 തീയതി ഹയർ ഗ്രേഡ് അനുവദിക്കുമ്പോൾ ശ്രീ. മോഹനനൻ ചെട്ടിയാരുടെ ഹയർ ഗ്രേഡ് അനുവദിക്കുന്ന പ്രാബല്യ തീയതി പുനഃപരിശോധിക്കേണ്ടതായി കാണുന്നു. കൂടാതെ ശ്രീ. മോഹനൻ ചെട്ടിയാരുടെ സീനിയറായ ശ്രീ. ശശികുമാർ എം.പി സീനിയോറിറ്റി നമ്പർ 2212 ഉം ജൂനിയറായ ശ്രീ.റ്റി.കെ. വർഗ്ഗീസ് സീനിയോറിറ്റി നമ്പർ 2215 ഉം പരാമർശം (4) ഉത്തരവിൽ ഉൾപ്പെടാതെ പോയിട്ടുണ്ട്. 01.02.2011 പ്രാബല്യത്തിൽ ഹയർ ഗ്രേഡ് അനുവദിച്ച ശ്രീമതി.റ്റി.എം.മറിയാമ്മ (സീനിയോറിറ്റി നമ്പർ 2100), 31.03.2011 ൽ റിട്ടയർ ചെയ്യുന്നതും 01.02.2011 ൽ ഹയർ ഗ്രേഡ് ലഭിച്ച ശ്രീ.കെ. സതീഷ്കുമാർ (സീനിയോരിറ്റി നമ്പർ 2167) ശ്രീ.കെ.എസ്.രാജീവ് (സീനിയോറിറ്റി നമ്പർ 2180) എന്നിവർക്ക് സസ്പെൻഷൻ ഗ്രേഡ് സെക്രട്ടറിയായി 31.03.2011 ൽ (18740–33680 ശമ്പള സ്കെയിലിൽ) പ്രമോഷൻ കിട്ടുകയും ചെയ്ത സാഹചര്യത്തിൽ താഴെ പറയുന്ന ജൂനിയർ സൂപ്രണ്ട്മാർക്ക് അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന തീയതി പ്രാബല്യത്തിൽ ഹയർ ഗ്രേഡ് അനുവദിച്ചും ഉത്തരവാകുന്നു.

| ക്ര.നം | സീനിയോറിറ്റി നം. | പേരും ആഫീസിന്റെ പേരും | ഹയർ ഗ്രേഡ് പ്രാബല്യ തീയതി |
|---|---|---|---|
| 1 | 2212 | ശശികുമാർ. എം.പി, ജൂനിയർ സൂപ്രണ്ട്, പി.എ.യു. IV ഇടുക്കി (ഇപ്പോൾ സെക്രട്ടറി, കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത്, ഇടുക്കി) | 01.04.2011 |
| 2 | 2213 | മോഹനൻ ചെട്ടിയാർ, ജൂനിയർ സൂപ്രണ്ട്, പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് III, തിരുവനന്തപുരം (ഇപ്പോൾ സെക്രട്ടറി, ആനാട് ഗ്രാമ പഞ്ചായത്ത്) | 01.04.2011 |
| 3 | 2225 | റ്റി.കെ. വർഗ്ഗീസ്, കൂവപ്പടി ഗ്രാമ പഞ്ചായത്ത്, എറണാകുളം (ഇപ്പോൾ സെക്രട്ടറി, കോട്ടപ്പടി ഗ്രാമ പഞ്ചായത്ത്) | 01.04.2011 |
| 4 | 2276 | സെമീന പി.എം, ജൂനിയർ സൂപ്രണ്ട്, | |

| | | | |
|---|---|---|---|
| | | ചൂർണ്ണക്കര ഗ്രാമ പഞ്ചായത്ത്, എറണാകുളം (ഇപ്പോൾ സെക്രട്ടറി, വെങ്ങോല ഗ്രാമ പഞ്ചായത്ത്) | 04.08.2011 |
| 5 | 2277 | ബി. സുരേഷ്, ജൂനിയർ സൂപ്രണ്ട് ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം (ഇപ്പോൾ സെക്രട്ടറി, കുറ്റിച്ചൽ ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം) | 04.08.2011 |

സൂചന (4) ഉത്തരവിൽ പി.പി. രാജൻ സീനിയോറിറ്റി നമ്പർ 2223 വേങ്ങോല ഗ്രാമ പഞ്ചായത്ത്, എറണാകുളം എന്നത് കോഴിക്കോട് കക്കോടി ഗ്രാമ പഞ്ചായത്തിലെ പി.പി.രാജൻ എന്ന് തിരുത്തിയും, മോഹനകുമാരൻ നായർ. കെ സീനിയോറിറ്റി നമ്പർ 2281 മടക്കത്തറ ഗ്രാമ പഞ്ചായത്ത് എന്നത് മോഹന കുമാരൻ നായർ. കെ, കാട്ടാക്കട ഗ്രാമ പഞ്ചായത്ത് എന്ന് തിരുത്തിയും ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.ആർ. മുരളീധരൻ, ഐ.എ.എസ്.,**
**പഞ്ചായത്ത് ഡയറക്ടർ**

വ്യക്തികൾക്ക് (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ) തൃശൂർ ( ആമുഖ കത്ത് സഹിതം)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
ഡയറക്ടർ / അഡീഷണൽ ഡയറക്ടറുടെ സി.എ ക്ക്
ജോയിന്റ് ഡയറക്ടർ (ഭരണം)
ജോയിന്റ് ഡയറക്ടർ (വികസനം)
കതരുതൽ ഫയൽ / അധികം

ആജ്ഞാനുസരണം,

സൂപ്രണ്ട്

പി/